# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 296 — 6.1.2014-ൽ മറുപടിക്ക്

## ഹാരിസൺ മലയാളം കമ്പനിക്കെതിരെയുള്ള വിജിലൻസ് അന്വേഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. രമേശ് ചെന്നിത്തല, ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി. |
| (എ) വ്യാജരേഖ ചമച്ച് ഹാരിസൺ മലയാളം കമ്പനി ഭൂമി കൈവശം വച്ചിരിക്കുന്നത് സംബന്ധിച്ച വിജിലൻസ് അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; | (എ) ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനി അനധികൃതമായി ഭൂമി കൈവശം വച്ചത് സംബന്ധിച്ച് വിജിലൻസ് ഡയറക്ടർ അന്വേഷണം പൂർത്തിയാക്കി അന്വേഷണ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വിജിലൻസ് അന്വേഷണത്തിലെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ കൊല്ലം സബ് രജിസ്ട്രാർ ആഫീസിൽ നിന്നും വ്യാജ മുക്ത്യാർ പത്രത്തിന്റെ അടിസ്ഥാനത്തിൽ വ്യാജരേഖകൾ ചമച്ച് ഭൂമി അപഹരിച്ചതുമായി ബന്ധപ്പെട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം പ്രത്യേക അന്വേഷണ യൂണിറ്റ് II ൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസിന്റെ അന്വേഷണം ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പ്രകാരം സ്റ്റേ ചെയ്തിരിക്കുകയാണ്. |
| ( ബ 1 ) അന്വേഷണം ആരംഭിച്ചതിനുശേഷം അന്വേഷണ ചുമതലയുണ്ടായിരുന്ന ഏതെല്ലാം ഉദ്യോഗസ്ഥരെ അന്വേഷണത്തിൽ നിന്നും മാറ്റുകയുണ്ടായി ; | **(ബി)** വിജിലൻസ് അന്വേഷണം ആരംഭിച്ചത് 13.2.2013 ലാണ്. പ്രസ്തുത വിജിലൻസ് അന്വേഷണം നടത്തിയത് പ്രത്യേക അന്വേഷണ യൂണിറ്റ് II ലെ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടായിരുന്ന ശ്രീ.എൻ.നന്ദനൻപിള്ള ആണ്. 31.7.2013 തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരം ശ്രീ.എൻ.നന്ദനൻപിള്ളയുടെ സ്ഥലം മാറ്റത്തിന് ഉത്തരവായിരുന്നു എങ്കിലും വിജിലൻസ് അന്വേഷണം പൂർത്തിയാക്കി 3.09.2013 ന് |

റിപ്പോർട്ട് സമർപ്പിച്ച ശേഷമാണ് ശ്രീ.എൻ.നന്ദനൻപിള്ള വിജിലൻസിൽ നിന്നും സ്ഥലം മാറിപ്പോയിട്ടുള്ളത്. തുടർന്ന് 3.11.2013 ൽ പ്രത്യേക അന്വേഷണ യൂണിറ്റ് II ലെ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ.വി.ശ്യാംകുമാർ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തു.

( സി ) അന്വേഷണത്തെത്തുടർന്ന് വിജിലൻസ് വകുപ്പ് സ്വീകരിച്ച നടപടി വെളിപ്പെടുത്താമോ;

**(സി)** പ്രാഥമിക വിജിലൻസ് അന്വേഷണത്തെ തുടർന്ന് വിജിലൻസ് ഡയറക്ടർ 9/2013 നമ്പരായി വിജിലൻസ്കേസ് രജിസ്റ്റർ ചെയ്യുകയും ഹാരിസൺ മലയാളം ലിമിറ്റഡ് കൈവശം വച്ചിരിക്കുന്ന 41000 ഏക്കർ സർക്കാർ ഭൂമി തിരിച്ചു പിടിക്കണമെന്ന് സർക്കാരിലേക്ക് ശുപാർശ സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത ശുപാർശ, സർക്കാർ വിജിലൻസ് വകുപ്പിൽ നിന്നും റവന്യൂ വകുപ്പിലേയ്ക്ക് തുടർ നടപടികൾക്കായി അയച്ചുകൊടുത്തിട്ടുണ്ട്. കൂടാതെ ഈ കേസുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലാ രജിസ്ട്രാർ ശ്രീ.ജി.വിജയകുമാറിനെ സ്ഥലം മാറ്റണമെന്ന് വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്യുകയും ആയത് തുടർ നടപടികൾക്കായി നികുതി വകുപ്പിന് അയച്ചു കൊടുത്തിട്ടുള്ളതുമാണ്.

( ഡി ) അന്വേഷണത്തിന്റെ ഭാഗമായി എത്രപേരെ ഇതിനകം ചോദ്യം ചെയ്യുകയുണ്ടായി; കൈവശരേഖകളിൽ കൃത്രിമമായി സൃഷ്ടിച്ചവ ഏതൊക്കെയാണെന്ന് തെളിയുകയുണ്ടായി; വിശദാംശങ്ങൾവെളിപ്പെടുത്തുമോ?

**(ഡി)** വിജിലൻസ് രജിസ്റ്റർ ചെയ്ത കേസിലെ പ്രതികൾ സമർപ്പിച്ച ഹർജിയുടെ അടിസ്ഥാനത്തിൽ ഈ കേസിലെ തുടർ നടപടികൾ ഹൈക്കോടതി 19.12.2013 ലെ ഉത്തരവ് പ്രകാരം സ്റ്റേ ചെയ്തിട്ടുള്ളതിനാൽ ഈ കേസിലെ അന്വേഷണ നടപടികളുടെ ഭാഗമായി തുടർന്ന് ആരേയും ചോദ്യം ചെയ്തിട്ടില്ല. കൈവശാവകാശ രേഖകൾ സംബന്ധിച്ച് വിശദമായ കേസന്വേഷണത്തിനു ശേഷം മാത്രമേ പൂർണ്ണമായ വിവരം ലഭ്യമാവുകയുള്ളു.

സെക്ഷൻ ആഫീസർ